# ദാനം: മഹാദാനം അവയവദാനം

എയർ ആംബുലൻസിൽ ആദ്യമായി ഹൃദയം എത്തിച്ചുള്ള അവയവദാനം നമ്മെ എല്ലാം ഏറെ ആകർഷിച്ചു. ആദരണീയനായ ശ്രീ. നീലകണ്ഠ ശർമ്മയുടെ ഹൃദയം ദാനമായി നല്കാനുള്ള അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ തീരുമാനം ചാലക്കുടിക്കാരനായ മാത്യുവിൽ തുന്നിപ്പിടിപ്പിച്ച് മഹത്തായ അനുകമ്പയുടെ ഒരു അദ്ധ്യായം ലോക മനസ്സുകളിൽ കുറിച്ചിടാൻ ഇടയായി. ഏതാണ്ട് ആറു മാസങ്ങൾക്ക് മുമ്പ് അപകടത്തിൽ മരിച്ച സുരേഷ് എന്ന മുപ്പത്തിയഞ്ചുകാരന്റെ കരളും കിഡ്നിയും ഹൃദയവും പലർക്കായ് നല്കാൻ, അപകടത്തിൽ പെട്ട്, ഭർത്താവിന്റെ ദാരുണമായ ദേഹവിയോഗത്തിന്റെ തേങ്ങലിൽ രണ്ടു പിഞ്ചു കുഞ്ഞുങ്ങളെ മാറോട് ചേർത്ത് സമ്മതിച്ച ശ്രേയമോൾ എന്ന മുപ്പതുകാരിയെ നമുക്ക് എങ്ങനെ മറക്കാൻ കഴിയും. പുഷ്പഗിരി ആശുപത്രിയിൽ വച്ചു നടന്ന ശസ്ത്രക്രിയയിലൂടെ അവയവങ്ങൾ തിരുവനന്തപുരത്തേയ്ക്കും കോട്ടയത്തേയ്ക്കും എറണാകുളത്തേക്കും എത്തിക്കാൻ കഴിഞ്ഞത് എത്ര വലിയ സുകൃതമാണ്. അനുകമ്പയാൽ പ്രേരിതരായി, സ്നേഹത്താൽ ഉദ്ദീപിക്കപ്പെട്ട്, മാനവിയമഹത്വം ലക്ഷ്യമാക്കി, ആതുരപക്ഷം ചേരുന്നതിനായി, സൗജന്യദാനമായി നമുക്ക് നൽകപ്പെട്ടിരിക്കുന്ന ശരീരാവയവങ്ങൾ ജീവിച്ചിരിക്കുമ്പോൾ തന്നെയോ മരണശേഷമോ സ്വമനസ്സോടെ ദാനം നൽകുവാൻ ദൈവസ്നേഹം നമ്മെ നിർബന്ധിക്കുന്നു. അത് ആധുനിക ലോകത്തിൽ അനുപേക്ഷണീയമായി മാറിക്കഴിഞ്ഞു. ലോകം ഈ വഴിക്ക് ചിന്തിക്കുവാൻ തുടങ്ങിയിട്ട് അരനൂറ്റാണ്ടോളമായി. അതിനുള്ള ബോധവല്ക്കരണം ഇന്ന് ലോകമെമ്പാടും സജീവമാണ്. കാരുണ്യം വഴികാണിക്കുകയും, സ്നേഹം നിർബന്ധിക്കുകയും ചെയ്യുമ്പോൾ ധീരമായ തീരുമാനങ്ങൾ അനായാസമാകും. ശരീരവും ശരീരാവയവങ്ങളും ദൈവത്തിന്റെ ദാനമാണ്; ദാതാവായ ദൈവത്തിന് നമുക്ക് നൽകാൻ കഴിയുന്ന കാമ്യദാനമാണ് **അവയവദാനം.**

ജീവനെ നിലനിർത്താൻ ആധുനിക വൈദ്യശാസ്ത്രം തുറന്നിട്ട ജാലകങ്ങളാണ് കോശമാറ്റവും അവയവമാറ്റവും. നഷ്ടമായത് തിരിച്ചുകിട്ടുമ്പോഴുള്ള സന്തോഷം അവാച്യമത്രേ. ആവശ്യമായതിന്റെ ഇരട്ടി നൽകി സൃഷ്ടാവ് മനുഷ്യനെ അനുഗ്രഹിച്ചത് അനുപേക്ഷണീയമെങ്കിലും അധികമുള്ളവ സ്വമേധയാ പങ്കുവെച്ച് തന്റെ സന്തോഷം പൂർണ്ണമാക്കുവാൻ തന്നെയാണ്.

അവയവ സ്വീകർത്താക്കൾ ഏറെ, ദാതാക്കൾ വിരളവും. കാരണം മതിയായ ബോധവല്ക്കരണം ഈ തലത്തിൽ നൽകപ്പെട്ടിട്ടില്ല എന്നതും അനാവശ്യമായ ഭയാശങ്കകളും, അധാർമ്മികമാകുമോ എന്ന അങ്കലാപ്പും നിലനിൽക്കുന്നു എന്നതുമാണ്. സ്വന്ത ശരീരവും ശരീരാവയവങ്ങളും കച്ചവടച്ചരക്കാക്കുന്ന അധാർമ്മിക ലോകത്തിലാണ് നാം ജീവിക്കുന്നത്. അവയവ മാഫിയകൾ കഴുകൻ കണ്ണുകളോടെ ചുറ്റിത്തിരിയുന്നു; കച്ചവടമാണവരുടെ ലക്ഷ്യം. കള്ളക്കടത്തിനും മയക്കുമരുന്നു കടത്തിനും ഒപ്പം അവയവക്കടത്തിനുവേണ്ടി നിസ്സഹായരെയും നിരക്ഷരരെയും കുട്ടികളെയും തട്ടിയെടുക്കുകയും ബലിയാടുകളാക്കുകയും ചെയ്യുന്നത് ആധുനിക കാലത്തെ ഭീകരതയുടെ ബീഭത്സ മുഖമത്രേ. തിന്മ ആധിപത്യം പുലർത്തുന്ന ഇരുണ്ട ഇടങ്ങളിലും നന്മയുടെ നിറവെളിച്ചം പകരുവാൻ ലോകത്തിൽ നന്മ പുലരണം എന്നാഗ്രഹിക്കുന്ന ഏവർക്കും കഴിയും. ആ യജ്ഞത്തിൽ നമുക്ക് അണിചേരാം. അതിനുള്ള വിനീതാഹ്വാനമായി ഇതിനെ കാണണം.

1994–ലെ മനുഷ്യാവയവ പറിച്ചുനടൽ നിയമം (Transplantation of Human Organs - 1994) വഴി നമ്മുടെ രാജ്യം അവയവദാനത്തിന് നിയമപരമായ അംഗീകാരം നൽകിയിട്ടുള്ളതാണ്. വൃക്ക, കരൾ, കണ്ണ്, ശ്വാസകോശം, അഗ്ന്യാശയം (പാൻക്രിയാസ്), ഹൃദയം എന്നിവയാണ് പറിച്ചുനടാവുന്ന മനുഷ്യാവയവങ്ങൾ. വൃക്കകളിൽ ഒന്നും പാൻക്രിയാസിന്റെയും കരളിന്റെയും ഒരു നിശ്ചിതഭാഗവുമാണ് ദാനം ചെയ്യാൻ കഴിയുക. ദാതാക്കളിൽ അവ അല്പകാലത്തിനകം സ്വാഭാവികമായി പൂർവ്വസ്ഥിതിയിലെത്തുകയും ചെയ്യും. ത്വക് (ചർമ്മം), അസ്ഥി, തരുണാസ്ഥി, ധമനി, രക്തവാഹിനിക്കുഴൽ, ഹൃദയവാൽവുകൾ, മജ്ജ മുതലായവയാണ് ദാനത്തിന് സജ്ജമായ മറ്റ് അവയവഭാഗങ്ങൾ.

സാമൂഹിക വിലക്കുകൾ, മാനസിക ഭയം, ചുറ്റുമുള്ളവരുടെ വിലക്കുകൾ, സന്ദേഹങ്ങൾ, അബദ്ധധാരണകൾ, സാമ്പത്തിക ഭാരം, ബോധവല്ക്കരണത്തിന്റെ അപര്യാപ്തത തുടങ്ങിയവ ദൂരീകൃതമായാൽ മാത്രമേ അവയവദാനത്തിന് സ്വമേധയാ സമ്മതം നൽകുവാൻ പര്യാപ്തമായ അന്തരീക്ഷം സമൂഹത്തിൽ സംജാതമാകൂ. സന്നദ്ധസംഘടനകളും സാക്ഷരതാമിഷനുകളും ഭരണസംവിധാനങ്ങളും പൗരബോധമുള്ളവരുടെ സാമൂഹിക കൂട്ടായ്മകളും ഇക്കാര്യത്തിൽ സ്വമേധയാ മുമ്പോട്ടു വരേണ്ടതുണ്ട്.

അവയവദാനം രണ്ടു വിധത്തിലാണ് നടക്കുക – ജീവിച്ചിരിക്കുമ്പോൾ നടത്തുന്ന അവയവദാനവും മരണാനന്തരമുള്ള കൈമാറ്റവും. ''അവയവദാനത്തിനുള്ള മനസ്സ് മാനവരാശിയോടുള്ള ഒരു വ്യക്തിയുടെ അഗാധമായ സ്നേഹവും മഹനീയ മാതൃകയുമാണ്. ജീവിച്ചിരിക്കെ സമ്മതദാനപത്രത്തിൽ ഒപ്പിടുന്നത് ദാതാവിന്റെ ബോധപൂർവ്വമുള്ള ദാനവും സമർപ്പണവുമാണ്. അത് ബലാത്ക്കാരപരമോ ഭീഷണിക്ക് വഴിപ്പെട്ടോ ആകരുത്. മരണശേഷം അവയവദാനത്തിന് സമ്മതം നൽകി എന്ന കാരണത്താൽ ജീവിച്ചിരിക്കെ ഏതെങ്കിലും കാരണവശാൽ അവരെ അതിന് വിധേയരാക്കുന്നത് അധാർമ്മികമായിരിക്കും; നേരിയ സംശയത്തിനുകൂടി ഇടനൽകാൻ പാടില്ല.

മസ്തിഷ്കമരണശേഷമുള്ള അവയവദാനപത്രത്തിൽ സമ്മതം നൽകിയാൽ തന്നെ, നേരവകാശിയുടെ സമ്മതത്തോടുകൂടി മാത്രേ അത് സ്വീകരിക്കുകയുള്ളൂ. ഒരുവന്റെ ഇപ്രകാരമുള്ള ആഗ്രഹം സാധ്യമാക്കുവാൻ ബന്ധുമിത്രാദികൾക്ക് ഉത്തരവാദിത്വമുണ്ട്. മരണ ശേഷം ചിതലിനും പുഴുവിനും കൂടുകളായി ഭവിക്കുന്ന അവയവങ്ങൾ സ്വസഹോദരനു നല്കുന്നതിൽ എന്തിന് അമാന്തിക്കണം. വേദനയില്ലാതെ, ഛേദമില്ലാതെ ഇങ്ങനെ ഒരു സത്കർമ്മത്തിൽ നമുക്ക് പങ്കാളികളാകാൻ പറ്റില്ലേ ?

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ക്രിസ്തു യേശുവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

✠ തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്, തിരുവല്ലാ അതിഭദ്രാസനം